മ ത്താ . 7 : 2 1 - 2 7

**2023 ഫെബ്രുവരി 26**

## വചനഭാഷ്യം

**ഡോ. ജോഷി പുതുശ്ശേരി**

# കർമ്മമാകേണ്ട കർതൃഹിതം

സീനായ് മലയിൽവച്ച് മോശ വഴി നല്കപ്പെട്ട കല്പനകളാണ് പഴയനിയമ ജനതയായ ഇസ്രായേലിന്റെ ജീവിതവഴികളെ ക്രമീകരിച്ചത്. അവയുടെ സ്ഥാനത്ത് യേശു തന്റെ ശിഷ്യർക്ക് നല്കിയ കല്പനകളുടെയും ദർശനങ്ങളുടെയും അവതരണമാണ് മത്തായി സുവിശേഷത്തിലെ മലയിലെ പ്രസംഗം. സുദീർഘമായ ഈ പ്രഭാഷണത്തിന്റെ അവസാന ഭാഗം (7:13-27) യേശുവിന്റെ പ്രബോധനങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകത ആവർത്തിച്ചവതരിപ്പിക്കുന്നു. 'പൊയ്എഒ' (*poieo* = to do, പ്രവർത്തിക്കുക) എന്ന ഗ്രീക്കു ക്രിയാപദം ഒമ്പതു തവണയാണ് 7:13-27-ൽ ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. ഇന്നത്തെ വചനഭാഗത്ത് നാലു തവണ ഈ പദം കാണാം (VV. 21, 22, 24, 26). മലയിലെ പ്രസംഗത്തിലെ ക്രിസ്തുനിയമങ്ങളൊന്നും ഉട്ട്യോപ്യൻ ആശയങ്ങളായി നിൽക്കേണ്ടവയല്ല, മറിച്ച് പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടവയാണെന്ന് ഇത് വ്യക്തമാക്കുന്നു.

'കർത്താവ്' (*Kyrios* = Lord) എന്നത് മത്തായി സുവിശേഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട ക്രിസ്തുവിശേഷണങ്ങളിലൊന്നാണ്. ശിഷ്യരോ വിശ്വാസപൂർവ്വം സമീപിക്കുന്നവരോ മാത്രമാണ് ഈ സുവിശേഷത്തിൽ യേശുവിനെ കർത്താവെന്ന് അഭിസംബോധന ചെയ്യുന്നത്. എന്നാൽ ഈ ഏറ്റുപറച്ചിൽ കൊണ്ടു മാത്രം - കർത്താവേ, കർത്താവേ എന്നു വിളിക്കുന്നതു കൊണ്ടു മാത്രം - ഒരാൾക്കും സ്വർഗ്ഗരാജ്യം സ്വന്തമാക്കാനാവില്ല (V.21). യേശു പ്രവാചകദൗത്യം നിറവേറ്റുകയും (14:5; 21:11, 46, 13:57) പിശാചുക്കളെ പുറത്താക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തവനാണ് (4:24; 8:16). ഈ ദൗത്യങ്ങൾ തുടരാൻ ശിഷ്യന്മാർ ചുമതലപ്പെടുത്തപ്പെടുകയും ചെയ്തു (10:1, 7-8; 23:34). എന്നാൽ, ഈ പ്രവർത്തനങ്ങളൊന്നും - അത് യേശുനാമത്തിൽ പ്രവർത്തിച്ചാൽ പോലും - അതിനാൽതന്നെ ആരെയും ക്രിസ്തുവിന്റെ പ്രിയപ്പെട്ടവരോ സ്വർഗ്ഗരാജ്യത്തിനവകാശികളോ ആക്കുന്നില്ല (VV. 22-23). അനേകം പ്രവാചകന്മാരും നീതിമാന്മാരും കേൾക്കാൻ ആഗ്രഹിച്ചിട്ടും കേൾക്കാത്തവ കേൾക്കാൻ ഭാഗ്യം ലഭിച്ചവരാണ് ക്രിസ്തുശിഷ്യർ (13:16-17). എന്നാൽ, യേശു വചനങ്ങൾ ശ്രവിക്കുന്നത് അതിൽതന്നെ ഒരു വിശ്വാസഭവനത്തിന്റെയും നിലനില്പ് ഉറപ്പാക്കുന്നില്ല (VV. 24-27). അധരസ്തുതികളിലൊതുങ്ങുന്ന വിശ്വാസ പ്രകടനങ്ങൾക്കും ദൈവനാമത്തിൽ സ്വഹിതം നിറവേറ്റുന്ന മതാത്മകതയ്ക്കും ശ്രവണമനനങ്ങൾക്കപ്പുറം അനുവർത്തനത്തിലെത്താത്ത വചനവ്യാഖ്യാനങ്ങൾക്കും നിത്യരക്ഷ നല്കാനാവില്ലെന്നർത്ഥം.

സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവർ മാത്രമാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് (V.21). സ്വർഗ്ഗസ്ഥനായ പിതാവിന്റെ പുത്രനാണ് യേശു ('എന്റെ' സ്വർഗ്ഗസ്ഥനായ പിതാവ് - V.21). ഈ പുത്രത്വത്തിന്റെ ആധികാരികതയിൽ (''ഞാൻ നിങ്ങളോട് പറയുന്നു'' - 5:22, 28, 32, 34, 39, 44; 7:29) പിതാവിന്റെ ഇഷ്ടം വെളിപ്പെടുത്തിയവയാണ് യേശുവിന്റെ വചനങ്ങൾ. അതിനാൽതന്നെ യേശുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവപിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നതാണ് സ്വർഗ്ഗരാജ്യപ്രവേശനത്തിന്റെ അടിസ്ഥാന നിബന്ധന. ദൈവേഷ്ടത്തെക്കുറിച്ചുള്ള പഴയ നിയമധാരണകളെയും യഹൂദ മത നിയമങ്ങളെയും സാമൂഹിക ധാർമ്മിക ബോധത്തെയും അതിലംഘിക്കുന്നതാണ് മലയിലെ പ്രസംഗത്തിലും മറ്റും യേശു വെളിപ്പെടുത്തിയ ദൈവേഷ്ടം എന്നു മറക്കരുത്. ഉദാഹരണത്തിന, 'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്' (പുറ. 21:24) എന്ന മോശയുടെ പ്രമാണത്തെയും അയൽക്കാരനെ മാത്രം സ്നേഹിക്കുകയും ശത്രുവിനെ ദ്വേഷിക്കുകയും ചെയ്യുന്ന യഹൂദ മതബോധത്തെയും സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുകയും സഹോദരങ്ങളെ മാത്രം അഭിവാദനം ചെയ്യുകയും ചെയ്യുന്ന നാട്ടുനടപ്പുകളെയും യേശു മാറ്റിമറിച്ചതോർക്കുക. കരുണയിലധിഷ്ഠിതമായ യേശുവിന്റെ 'പുതിയനിയമ'ത്തിന്റെ അനുസരണം മാത്രമേ ശിഷ്യരെ സ്വർഗ്ഗീയപിതാവിന്റെ മക്കളും യേശുവിന്റെ പ്രിയരും സ്വർഗ്ഗരാജ്യത്തിനവകാശികളും ആക്കുകയുള്ളൂ. F